ഉത്തരം

പഞ്ചായത്തുകൾക്ക് നൽകുന്ന ഓരോ ഗ്രാന്റും പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്നതായതുകൊണ്ട് നിലവിലുള്ള നിബന്ധനകളനുസരിച്ച് സ്പെഷ്യൽ ഗ്രാന്റും വസ്തു കൈമാറ്റ നികുതിയുടെ വിഹിതവും മുഴുകെ മറ്റൊരു ഗ്രാന്റും അങ്ങനെ പ്രയോജനപ്പെടുത്താൻ നിർദ്ദേശം നൽകുന്നതിന് സാദ്ധ്യമല്ല.

പുലിക്കുരുംപ ഗവൺമെന്റ് വെറ്റിനറി ഡിസ്പെൻസറിക്ക് പഞ്ചായത്ത് സ്ഥലം നൽകാൻ നടപടി

765. [1256] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നടുവിൽ പഞ്ചായത്തിന് നാട്ടുകാർ വാങ്ങി നൽകിയതും ഇപ്പോഴും പൊതു മാർക്കറ്റിന് ഉപയോഗിക്കുന്നതുമായ 94 സെന്റ് സ്ഥലത്തിൽ 15 സെന്റ് സ്ഥലം പുലിക്കുരുംപ ഗവൺമെന്റ് ഡിസ്പെൻസറിക്ക് കെട്ടിടനിർമ്മാണത്തിന് നൽകണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) പഞ്ചായത്ത് കമ്മിറ്റി ശുപാർശ ചെയ്ത 15 സെന്റ് സ്ഥലം വെറ്റിനറി ഡിസ്പെൻസറിക്ക് നൽകുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) ഇപ്രകാരമൊരു നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പഞ്ചായത്തുകളിലെ സിനിമാ തിയേറ്ററുകൾ

766. [1257] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ സ്ഥിരം ലൈസൻസുള്ളതും താൽക്കാലിക ലൈസൻസ് ഉള്ളതുമായ എത്ര തിയേറ്ററുകളുണ്ട് ;

(ബി) ഇവയിൽനിന്നെല്ലാം സിനിമാ നികുതിയിനത്തിൽ ഈ വർഷം 30-9-1986 വരെ എത്ര സംഖ്യ വിവിധ ഇനത്തിലായി വിനോദനികുതി ഇനത്തിൽ പിരിഞ്ഞുകിട്ടി ;

(സി) സിനിമാ നികുതി സീറിങ്കന്റെ അടിസ്ഥാനത്തിലാക്കി എന്നു മുതൽ പിരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പുതിയ നികുതിസമ്പ്രദായംമൂലം പഞ്ചായത്തുകൾക്ക് ഒരു വർഷം എത്ര സംഖ്യ അധിക നികുതിയായി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സിനിമാ നികുതി സീറിന്റെ അടിസ്ഥാനത്തിൽ പിരിക്കണമെന്ന ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. തീരുമാനം ഒന്നും ആയിട്ടില്ല.

(ഡി) അധിക നികുതി എന്തു കിട്ടുമെന്ന് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly